**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1510** **19-09-2025 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകർക്ക് ടെറ്റ് നിർബന്ധമാക്കിയ ബഹു: സുപ്രീം കോടതി ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിൽ അദ്ധ്യാപകരായി സേവനം ചെയ്യുന്ന 4 വർഷമോ അതിൽ കൂടുതലോ സർവീസ് ബാക്കിയുള്ള എല്ലാ അദ്ധ്യാപകരും അദ്ധ്യാപക യോഗ്യത ടെസ്റ്റ് (ടെറ്റ്) പാസ്സാകണമെന്നും നാല് അവസരം നല്കിയതിന് ശേഷവും പാസ്സായില്ലെങ്കിൽ അവരെ പിരിച്ചുവിടണമെന്നും രാജ്യത്തെ പരമോന്നത കോടതി ഉത്തരവായിട്ടുണ്ടോയെന്നത് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ടെറ്റ് നിർബന്ധമാക്കുന്നതിന് മുൻപ് പി.എസ്.സി. നോട്ടിഫിക്കേഷൻ വഴി അദ്ധ്യാപക നിയമനം നേടിയവരും ടെറ്റ് പാസ്സാകുന്നതിൽ നിന്നും സർക്കാർ ഇളവ് നൽകിയ അധിക യോഗ്യതകളായ സെറ്റ്, നെറ്റ്, എംഫിൽ എന്നീ യോഗ്യതയുള്ളവരെയും ഈ ഉത്തരവ് എങ്ങനെ ബാധിക്കുമെന്ന് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സുപ്രീം കോടതിയുടെ 01.09.2025 തീയതിയിലെ സി.എ 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് ഇത് മൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യകതമാക്കുമോ? | (സി) | സുപ്രീം കോടതിയുടെ 01.09.2025 തീയതിയിലെ സി.എ 1385/2025 മുതൽ ഹർജികളിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ നിയമോപദേശം ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ